# പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2183

08.12.2014 ന് മറുപടിയ്ക്ക്

**വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്ജ്<br>ശ്രീ.റോഷി.അഗസ്റ്റിൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; നഷ്ടപരിഹാര തുകയിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; | (എ) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നല്കുന്നത് സർക്കാർ ഉത്തരവ് (എം.എസ്) നം.239/2012/ഡി.എം.ഡി തീയതി 11.06.2012 പ്രകാരമുള്ള വില നിലവാരം അടിസ്ഥാനമാക്കി താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.<br>1) കൃഷിനാശം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ വരെ) ഓരോ കേസിനും അനുവദിക്കുന്നു.<br>2) വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി നാല് തവണ നൽകുന്നു.<br>3) സംഭവം നടന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്തെ അധികാരപരിധിയുള്ള റെയിഞ്ചാഫീസർക്ക്/അസി. വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.<br>നഷ്ടപരിഹാരത്തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി വനം വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇപ്രകാരം നഷ്ടപരിഹാരത്തുക നൽകുന്നതിൽ കാലതാമസം നേരിടുന്ന കേസുകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | ഇപ്രകാരമുള്ള കേസുകളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ